# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *124

06/03/2018-ൽ മറുപടിയ്ക്ക്

## ലൈഫ് മിഷൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. നൗഷാദ്<br>,, ബി.സത്യൻ<br>,, വി. കെ. സി. മമ്മത് കോയ<br>,, എം. രാജഗോപാലൻ | | ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടം പ്രവർത്തനം പൂർത്തിയായോ; എത്ര വീടുകളുടെ നിർമ്മാണമാണ് ഒന്നാം ഘട്ടത്തിൽ നടന്നുവരുന്നതെന്ന് അറിയിക്കാമോ; | (എ) | എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ലൈഫ് മിഷൻ. ലൈഫ് മിഷന്റെ ഒന്നാംഘട്ട പ്രവർത്തനത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിടുന്നത്. സർക്കാരിന്റെ വിവിധ ഭവന പദ്ധതികളിൽ ധനസഹായം ലഭ്യമാക്കുകയും എന്നാൽ ഭവനം പൂർത്തിയാക്കാത്തതുമായ 66750 ഭവനങ്ങളുടെ പൂർത്തീകരണമാണ് മിഷൻ ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഇതിൽ 26/02/2018 വരെ 9,443 ഭവനങ്ങളുടെ നിർമ്മാണം ഭൗതികമായി പൂർത്തീകരിക്കുകയും വാസയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. പൂർത്തീകരിച്ച ഭവനങ്ങളുടെ എണ്ണം അനുബന്ധം 1 ആയും ഘട്ടം തിരിച്ചുള്ള പട്ടിക അനുബന്ധം 2 ആയും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1013 സ്ഥാപനങ്ങൾ അന്തിമ ഗുണഭോക്താക്കളുടെ പട്ടിക അംഗീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇവയുടെ നിർമ്മാണത്തിനായുള്ള ഫണ്ട് സമാഹരണത്തിന് ഉദ്ദേശിക്കുന്ന മാർഗ്ഗവും അറിയിക്കാമോ? | (സി) | രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായ 1,74,877 ഗുണഭോക്താക്കൾക്ക് ഭവനം നിർമ്മിക്കുന്നതിന് ധനസഹായം നൽകാനാണ് മിഷൻ ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുകയും, വിവിധ വകുപ്പുകൾ ഭവന നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള തുകയും സംസ്ഥാന സർക്കാർ മിഷന് ബഡ്ജറ്റിലൂടെ നൽകുന്ന തുകയും, ഇതിലേക്കായി മിഷൻ വായ്പ എടുക്കുന്ന തുകയുമാണ് പദ്ധതി പ്രവർത്തനത്തിന്റെ ധനസമാഹരണ മാർഗ്ഗങ്ങൾ. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

## പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം - ജില്ല തിരിച്ച്

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 798 |
| 2 | കൊല്ലം | 504 |
| 3 | പത്തനംതിട്ട | 386 |
| 4 | ആലപ്പുഴ | 665 |
| 5 | കോട്ടയം | 263 |
| 6 | ഇടുക്കി | 416 |
| 7 | എറണാകുളം | 389 |
| 8 | തൃശ്ശൂർ | 630 |
| 9 | പാലക്കാട് | 655 |
| 10 | മലപ്പുറം | 588 |
| 11 | കോഴിക്കോട് | 1912 |
| 12 | വയനാട് | 880 |
| 13 | കണ്ണൂർ | 564 |
| 14 | കാസർഗോഡ് | 798 |
| **ആകെ** | | **9448** |

Sd/-

**സെക്ഷൻ ഓഫീസർ**

അനുബന്ധം -2

| ക്രമ നം. | ജില്ല | അടിത്തറ ആയിട്ടില്ലാത്തത് | അടിത്തറമാത്രം കഴിഞ്ഞത് | ലിന്റൽ വരെ പൂർത്തിയായത് | മേൽക്കൂര വരെ പൂർത്തിയായത് | പൂർണമായും പൂർത്തിയായത് | ആകെ |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 446 | 1252 | 1463 | 2367 | 1468 | 6602 |
| 2 | കൊല്ലം | 675 | 1499 | 1489 | 805 | 483 | 4740 |
| 3 | പത്തനംതിട്ട | 82 | 421 | 512 | 215 | 448 | 1470 |
| 4 | ആലപ്പുഴ | 330 | 852 | 880 | 773 | 650 | 3275 |
| 5 | കോട്ടയം | 249 | 544 | 426 | 343 | 318 | 1676 |
| 6 | ഇടുക്കി | 457 | 1107 | 1181 | 1510 | 420 | 4465 |
| 7 | എറണാകുളം | 79 | 324 | 360 | 264 | 417 | 1222 |
| 8 | തൃശ്ശൂർ | 578 | 1331 | 1225 | 744 | 398 | 4052 |
| 9 | പാലക്കാട് | 372 | 1789 | 2788 | 4186 | 467 | 9400 |
| 10 | മലപ്പുറം | 266 | 867 | 1211 | 606 | 524 | 3261 |
| 11 | കോഴിക്കോട് | 523 | 1495 | 2296 | 1902 | 1732 | 7732 |
| 12 | വയനാട് | 1439 | 2029 | 1787 | 3935 | 836 | 9817 |
| 13 | കണ്ണൂർ | 210 | 548 | 1034 | 935 | 468 | 2990 |
| 14 | കാസർഗോഡ് | 71 | 673 | 1315 | 550 | 819 | 3208 |
| | **ആകെ** | **5777** | **14731** | **17967** | **19135** | **9448** | **66750** |

സെക്ഷൻ ഓഫീസർ